**File No.: GE-DA1/25/2022-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-ശ്രീ ഹൈദ്രോസ് സി കെ, റിട്ട. പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്, വൈത്തിരി, വയനാട്-അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**4396/2026/GEDN** തീയതി,തിരുവനന്തപുരം, **02-07-2026**

---

പരാമർശം:-

**1.** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **13.08.2021** ലെ എ.ഡി.ഡി**1/207086/2021**/എച്ച്.എസ്.ഇ നം ഉത്തരവ്

**2.** **17.09.2021** ലെ സ.ഉ(സാധാ) നം **4117/2021/** പൊവിവ

**3.** **27/11/2021** -ലെ **C2/164/2021** നം കുറ്റപത്രവും കുറ്റാരോപണ പത്രികയും

**4.** ശ്രീ ഹൈദ്രോസ് സി കെ സമർപ്പിച്ച **23.12.2021**-ലെ പ്രതിവാദപത്രിക

**5.** **11.02.2022**-ലെ സ.ഉ(സാധാ) നം.**759/2022** / പൊവിവ

**6.** **08.03.2022** ലെ **C2/175/2021** നം കുറ്റപത്രവും കുറ്റാരോപണ പത്രികയും

**7.** ശ്രീ ഹൈദ്രോസ് .സി . കെ സമർപ്പിച്ച **19.04.2022** ലെ പ്രതിവാദപത്രിക

**8.** **13.07.2022** ലെ സ.ഉ(സാധാ) നം **4091/2022**/പൊവിവ

**9.** **23.01.2023** ലെ **DA1/25/2022** നം കാരണം കാണിക്കൽ നോട്ടീസ്

**10.** ശ്രീ ഹൈദ്രോസ് സി കെ സമർപ്പിച്ച **12/04/2023** -ലെ മറുപടി

**11** **23.01.2023** ലെ **DA1/26/2022** നം കാരണം കാണിക്കൽ നോട്ടീസ്

**12** ശ്രീ ഹൈദ്രോസ് സി.കെ സമർപ്പിച്ച **03/03/2023** ലെ മറുപടി

13 29.06.2023 ലെ DA1/25/2022 നം കാരണം കാണിക്കൽ നോട്ടീസ്

14. ശ്രീ ഹൈദ്രോസ് സി കെ സമർപ്പിച്ച 01.08.2023-ലെ മറുപടി

15. ബഹു. ഹൈക്കോടതി Crl.MC No. 6162 of 2022 നമ്പർ കേസ്സിൽ പുറപ്പെടുവിച്ച 21.12.2023-ലെ വിധിന്യായം

16. ബഹു കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 20/05/2026 ലെ A1-2/29/2025-KPSC നം കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി ജി.എച്ച്.എസ്.എസ്-ൽ പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ഹൈദ്രോസ്.സി.കെ. 2021 മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി. പാസായ ഒരു വിദ്യാർത്ഥിയെ ലൈംഗികമായി പീഡിപ്പിച്ചതായി ടി വിദ്യാർത്ഥി ചൈൽഡ് ലൈൻ മുഖേന പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 10.08.2021 ന് രാത്രി 8.30-ന് പോക്സോ നിയമപ്രകാരം ടിയാനെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. തുടർന്ന് ശ്രീ.സി.കെ.ഹൈദ്രോസിനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അറസ്റ്റ് ചെയ്ത തീയതി മുതൽ പ്രാബല്യത്തിൽ പൊതുവിദ്യഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്യുകയും, സർക്കാർ ടി നടപടി പരാമർശം (2) പ്രകാരം സാധൂകരിക്കുകയും ചെയ്തു. തുടർന്ന് ടിയാനെതിരെ കെ.സി.എസ്. (സി.സി.&എ) 1960 ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ആയതിന്റെ ഭാഗമായി ടിയാന് പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നല്കിയിരുന്നു. ആയതിന് പരാമർശം (4) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരുവാനും ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്താൻ പരാമർശം (5) പ്രകാരം ഹയർസെക്കന്ററി അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശ്രീ.ഹൈദ്രോസ് സി കെ യെ സസ്പെൻഡ് ചെയ്യാനിടയായ പോക്സോ കേസ്സു സംബന്ധിച്ചു വ്യക്തമായ തെളിവ് ലഭ്യമല്ലെന്നും കുറ്റപത്രത്തിലെ ആരോപണങ്ങൾ തെളിയിക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ ലഭിച്ചിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ഔപചാരിക അന്വേഷണ റിപ്പോർട്ട് തള്ളിക്കളഞ്ഞു കൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരുവാനും 1960-ലെ KCS CCA R 11(1)(vA) പ്രകാരം ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലപ്രാബല്യത്തിൽ തടയുന്നതിന് താത്കാലിക തീരുമാനമെടുത്ത് ടിയാന്

പരാമർശം(9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു.

2. ശ്രീ.ഹൈദ്രോസ് സി കെ മൂലങ്കാവ് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ പ്രധാനാധ്യാപകനായിരിക്കെ ടി സ്കൂളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ വയനാട് യൂണിറ്റ് 15-05-2019 - ന് മിന്നൽ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ പ്രീ-പ്രൈമറി ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ സമയം സ്കൂൾ അധികൃതർ രക്ഷകർത്താക്കളിൽ നിന്നും പുസ്തകത്തിനും പ്രീ-പ്രൈമറി വിഭാഗത്തിലുള്ള താൽകാലിക അധ്യാപികമാരുടെയും ആയമാരുടേയും വേതന ആവശ്യത്തിനും വാങ്ങുന്ന പണത്തിനും മറ്റ് ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ അഡ്മിഷൻ സമയത്ത് സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കുമായി വാങ്ങുന്ന സംഭാവനകൾക്കും രസീത് നൽകുന്നില്ല എന്ന കാര്യത്തിന് സ്കൂളിലെ പ്രധാന അധ്യാപകനായ ശ്രീ.ഹൈദ്രോസ്.സി.കെ -ക്കെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. അപ്രകാരം ടിയാനെതിരെ കെ സി എസ് (സി.സി.എ.) റൂൾ 15 പ്രകാരം അച്ചടക്ക നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ടിയാന് പരാമർശം (6) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകിയിരുന്നു. ആയതിന് പരാമർശം(7) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി തുടരുവാനും ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം(8) പ്രകാരം ഹയർസെക്കന്ററി പരീക്ഷ വിഭാഗം ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തിയ പൊതു വിദ്യാഭ്യാസ (ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം) ജോയിന്റ് ഡയറക്ടർ സാമ്പത്തിക വിഷയത്തിൽ ശ്രീ.ഹൈദ്രോസ് സി കെ യുടെ ഭാഗത്തു നിന്നും കടുത്ത ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. റെസീപ്റ്റ് ബുക്കുകൾ കാണാതാകുകയോ പൂർണ്ണമായി ഉപയോഗിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ട്. രസീതുബുക്കുകൾ ആവശ്യാനുസരണം സ്കൂളിൽ ലഭ്യമായിരുന്നിട്ടും വിജിലൻസ് പരിശോധനക്ക് ഏതാനും ദിവസം മുൻപ് രസീതുബുക്കുകൾ തീർന്നുപോയിരുന്നുവെന്ന തെറ്റായ വിവരമാണ് ഹിയറിങ് വേളയിൽ നൽകിയതെന്നു ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ടി ഔപചാരിക അന്വേഷണത്തിൽ ടിയാന്റെ ഭാഗത്തു നിന്നും ഗുരുതരമായ കൃത്യവിലോപം കണ്ടെത്തുകയും ചെയ്തിരുന്നു. ടിയാന് നല്കിയ കുറ്റപത്രത്തിലെ ചാർജ്ജുകൾ നിലനിൽക്കുന്നതായി കണ്ടെത്തിയതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി തുടരുവാനും ആയതിന്റെ ഭാഗമായി ഒരു ഇൻക്രിമെൻറ് സഞ്ചിതഫല പ്രാബല്യത്തിൽ തടയാൻ താത്കാലിക തീരുമാനമെടുത്തു കാരണം ടിയാന് പരാമർശം (11) കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ പരാമർശം (12) പ്രകാരം മറുപടി നല്കിയിരുന്നു.

3. 31.03.2023 ൽ ശ്രീ സി കെ ഹൈദ്രോസ് സേവനത്തിൽ നിന്നും

വിരമിച്ചതിനാൽ മേൽപ്പറഞ്ഞ രണ്ട് അച്ചടക്ക നടപടികൾ കെ.എസ്.ആർ ഭാഗം III ചട്ടം 3(a)(iv) പ്രകാരം ഒരുമിച്ച് പരിഗണിച്ച് തീർപ്പ് കൽപ്പിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും ₹4000/- (നാലായിരം രൂപ മാത്രം) സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് ടിയാന് പരാമർശം ( 13) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ പരാമർശം (14) പ്രകാരം മറുപടി സമർപ്പിച്ചിരുന്നു.

4. അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ പൊതു വിദ്യാഭ്യാസ വകുപ്പ് അണ്ടർ സെക്രട്ടറി 26/09/2023ന് നേരിൽ കേട്ടിരുന്നു. നേരിൽ കേൾക്കുന്ന വേളയിൽ ശ്രീ. ഹൈദ്രോസ് സി.കെ-യ്ക്കു പുറമെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയും പങ്കെടുത്തിരുന്നു.

<u>5. ശ്രീ. ഹൈദ്രോസ് സി.കെ</u>

കേസിനാധാരമായ ആരോപണം പൂർണ്ണമായും കെട്ടിച്ചമച്ചതാണ്. ഇത് തുടർന്നുള്ള നടപടികൾ വ്യക്തമാക്കുന്നുണ്ട്. പരാതിക്കാരനായ വിദ്യാർത്ഥിയും രക്ഷിതാവും പരാതി തെറ്റിദ്ധാരണയുടെ ഫലമായി സംഭവിച്ചതാണെന്ന് അഫിഡവിറ്റ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതും കേസ് അവസാനിപ്പിക്കുന്നതിന് അപേക്ഷ ബഹു.കേരള ഹൈക്കോടതിയിൽ നല്കിയിട്ടുള്ളതുമാണ്. കോടതി നടപടികൾ അവസാനഘട്ടത്തിലാണ്.

ii. ഡിസിപ്ലിനറി അധികാരി എന്ന നിലയിൽ നിയമിച്ച അന്വേഷണ ഉദ്യോഗസ്ഥൻ ലാഘവത്തോടെയും നിരുത്തരവാദപരമായും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിനാൽ അന്വഷണ റിപ്പോർട്ട് തള്ളിക്കളഞ്ഞ് എനിക്കെതിരെയുള്ള അച്ചടക്കനടപടി തുടരാൻ തീരുമാനിച്ചു എന്ന നിരീക്ഷണം നിയമാനുസൃതമല്ല എന്ന് ഞാൻ കരുതുന്നു. എൻക്വയറി ഓഫീസറുടെ അന്വേഷണം തൃപ്തികരമല്ല എന്നതിന് കാരണങ്ങൾ ഒന്നും ചൂണ്ടിക്കാട്ടിയിട്ടില്ല. പുനർ അന്വഷണം ഉത്തരവാകുകയോ നടത്തുകയോ ചെയ്തിട്ടില്ല.

iii. സംഭവം നടന്നതായി ആരോപിക്കപ്പെടുന്ന 08/07/2021 ന് ശേഷം ഒരു മാസത്തിന് ശേഷം 06/08/2021നാണ് പരാതി ഉന്നയിക്കുന്നത്. ഞാൻ കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന 2021 ജൂലൈ മാസത്തിൽ കോവിഡ് നിയന്ത്രണങ്ങൾ മൂലം വിദ്യാർത്ഥികൾക്ക് സ്കൂളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. എന്നാൽ ഞാൻ സ്കൂളിൽ നിന്ന് പോയതിന് ശേഷം വൈകുന്നേരങ്ങളിൽ സ്ഥിരമായി കുട്ടികൾ ടൈൽ വിരിച്ച് സ്കൂൾ വരാന്തയിലൂടെ സൈക്കിൾ ഓടിക്കുന്നത് മനസ്സിലാക്കുകയും വിഷയം പി.ടി.എ പ്രസിഡന്റിനെ അറിയിക്കുകയും ചെയ്തിരുന്നു. കുട്ടികൾ ടൈൽ വിരിച്ച വരാന്തകൾ വൃത്തികേടാക്കുന്നതും അപകടകരമായ രീതിയിൽ പ്രാവിനെ പിടിക്കാൻ കെട്ടിടത്തിന് മുകളിൽ വലിഞ്ഞു കയറുന്നതു കർശനമായി വിലക്കിയതുമാണ്

ടീനേജുകാരായ കുട്ടികളെ ഇത്തരമൊരു കഥയുണ്ടാക്കാൻ പ്രേരിപ്പിച്ചത്.

**iv.** എൻക്വയറി ഓഫീസർ റിപ്പോർട്ടിൽ എന്നെ സസ്പെന്റ് ചെയ്യാനിടയായ പോക്സോ കേസ് സംബന്ധിച്ച് വ്യക്തമായ തെളിവുകൾ ലഭ്യമല്ലെന്ന കാര്യവും അതിനാൽ തന്നെ എനിക്ക് നൽകിയ കുറ്റപത്രത്തിലെ ആരോപണങ്ങൾ തെളിയിക്കാനാവശ്യമായ വിശദാംശങ്ങൾ ലഭിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**v.** എൻക്വയറി ഓഫീസറുടെ കണ്ടെത്തലുകൾ ഡിസിപ്ലിനറി അധികാരിക്ക് തള്ളിക്കളയാമെങ്കിലും ഡിസിപ്ലിനറി അധികാരി എന്നിൽ ആരോപിക്കുന്ന കുറ്റങ്ങൾക്ക് ഉപോൽബലകമായി എന്ത് കണ്ടെത്തലുകളാണ് നടത്തിയിട്ടുള്ളതെന്നോ ഇതിനാധാരമായത് എന്തു രേഖകളാണെന്നോ വ്യക്തമാക്കിയിട്ടില്ല. റൂൾ **140** പ്രകാരം എൻക്വയറി ഓഫീസറുടെ കണ്ടെത്തലുകൾ തള്ളിക്കളഞ്ഞ് നടപടികളുമായി മുന്നോട്ടുപോകാൻ ഡിസിപ്ലിനറി അധികാരി തീരുമാനിച്ചാൽ ഡിസിപ്ലിനറി അധികാരി തന്റെ കണ്ടെത്തലുകൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഇത് രേഖകളുടെ അടിസ്ഥാനത്തിലാകണമെന്ന് റൂൾ **139** വ്യക്തമാക്കുന്നു. ഇവിടെ എൻക്വയറി ഓഫീസർ ലാഘവത്തോടെയും നിരുത്തരവാദിത്വ ത്തോടെയുമാണ് സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് എന്നതിനാൽ അത് തള്ളിക്കളഞ്ഞ് നടപടി തുടരാൻ തീരുമാനിച്ചു എന്നാണ് ശുപാർശ. എന്നാൽ എൻക്വയറി ഓഫീസറുടേതിൽ നിന്ന് വ്യത്യസ്ഥമായി ഡിസിപ്ലിനറി അധികാരി എന്താണ് കണ്ടെത്തിയതെന്നും ഇത് ഏതേത് രേഖകളുടെ അടിസ്ഥാനത്തിലാണ് എന്നും ഡിസിപ്ലിനറി അധികാരി വ്യക്തമാക്കിയിട്ടില്ല. റൂൾ **144, 151** പ്രകാരവും നടപടി ക്രമപ്രകാരമല്ല.

**vi.** പരാതിക്കാരൻ തെറ്റിദ്ധാരണമൂലമാണ് പരാതി ഉന്നയിക്കപ്പെട്ടതു എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും എൻക്വയറിയിൽ നിരപരാധിത്വം വെളിവാക്കപ്പെട്ടിട്ടുള്ളതിനാലും എൻക്വയറി റിപ്പോർട്ട് തള്ളിക്കളഞ്ഞ ഡിസ്സിപ്ലിനറി ഓഫീസറുടെ കണ്ടെത്തലുകൾക്ക് അടിസ്ഥാനമില്ലാത്തതിനാലും ഈ വിഷയത്തിലുള്ള അച്ചടക്ക നടപടി അവസാനിപ്പിക്കണം.

**vii.** ഞാൻ വയനാട് മൂലങ്കാവ് ഗവ ഹൈസ്കൂൾ പ്രധാനാധ്യാപകനായിരിക്കെ പ്രീപ്രൈമറി അഡ്മിഷനുമായി ബന്ധപ്പെട്ട് പിരിച്ച തുകക്ക് അപ്പപ്പോൾ രസീത് നൽകിയില്ല എന്ന ആരോപണം കേവലം സാങ്കേതികം മാത്രമാണ്. അന്നേ ദിവസം ഞാൻ സ്കൂൾ കെട്ടിട നിർമ്മാണാവശ്യാർത്ഥം **25** കിലോമീറ്റർ ദൂരെയുള്ള കൽപ്പറ്റ പി ഡബ്ള്യു ഡി ഓഫീസിൽ പോയതിനാൽ രാവിലെ സ്കൂളിൽ എത്താൻ കഴിഞ്ഞിരുന്നില്ല. പകരം അഡ്മിഷൻ നടപടികൾ നിയന്ത്രിച്ചിരുന്നത് സ്കൂളിലെ സഹാധ്യാപരും പി.ടി.എ അംഗങ്ങളും ചേർന്നാണ്.

പി.ടി.എ നടത്തുന്ന പ്രീപ്രൈമറി ആയതിനാൽ പി.ടി.എ അംഗങ്ങളുടെ സജീവ ഇടപെടൽ ഉണ്ടായിരുന്നു. എനിക്ക് രാവിലെ സ്കൂളിൽ എത്തിച്ചേരാൻ കഴിയാതിരുന്നതിനാലാണ് അസ്സൽ രസീത് അപ്പോൾ തന്നെ നൽകാൻ കഴിയാതിരുന്നത്. താല്ക്കാലിക രസീത് ചാർജുണ്ടായിരുന്ന സഹാധ്യാപകൻ അപ്പപ്പോൾ തന്നെ നൽകിയിട്ടുള്ളതും അക്കാര്യം അവർ പിന്നീട് വിജിലൻസിനോട് സമ്മതിച്ചിട്ടുള്ളതുമാണ്. നൽകിയ അഡ്മിഷന്റെ വിവരവും പിരിച്ച തുകയുടെ വിവരവും പി.ടി.എ ഈ ആവശ്യത്തിന് സൂക്ഷിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. നൽകിയ തുകക്ക് താൽക്കാലിക രസീത് ലഭിച്ചിരുന്നു എന്നും അസ്സൽ രസീത് പിന്നീട് ലഭിച്ചു എന്നും വ്യക്തമാക്കുന്ന രക്ഷിതാക്കളുടെ അഫിഡവിറ്റ് ഹാജരാക്കിയിട്ടുള്ളതുമാണ്. **10/07/2019** ന് ചേർന്ന പി.ടി.എ പൊതുയോഗം **2019** ൽ അതുവരെ പിരിച്ച തുകയുടെ കണക്കുകൾ പരിശോധിച്ചു അംഗീകരിച്ചിട്ടുള്ളതാണ്.

**viii.** റിപ്പോർട്ടിൽ പരാമർശ വിധേയമായ കാണാനില്ലാത്ത രസീത് ബുക്കുകൾ അന്വേഷണത്തിന്റെ ഭാഗമായി വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് സമയത്തു ലഭ്യമാക്കിയിരുന്നു. പിന്നീട് സ്കൂൾ ഓഫീസ്സ് മാറ്റി സ്ഥാപിച്ചപ്പോൾ ഓഡിറ്റ് കഴിഞ്ഞ രസീത് ബുക്കുകൾ എന്ന നിലയിൽ അവ സൂക്ഷിക്കുന്നതിന് അന്നത്തെ അധികാരികൾ വേണ്ടത്ര ശ്രദ്ധ നൽകാത്തത് കൊണ്ട് നഷ്ടപ്പെട്ടതാകാനാണ് സാധ്യത.

**ix.** എനിക്കെതിരെ ചുമത്തിയിട്ടുള്ള ചാർജുകൾ തികച്ചും സാങ്കേതികമാണ്. വ്യക്തിപരമായും പ്രധാനാധ്യാപകനെന്ന നിലയിലും യാതൊരു സാമ്പത്തിക ക്രമക്കേടും ഞാൻ നടത്തിയിട്ടില്ല. ഏതെങ്കിലും തുകകൾ ഞാൻ കൈവശപ്പെടുത്തി എന്നും തെളിയിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ തെളിയിക്കപ്പെടാത്തതും തികച്ചും സാങ്കേതികവുമായ ആരോപണങ്ങളുടേയും പരാതിക്കാർ തന്നെ നിഷേധിച്ച ആരോപണങ്ങളുടേയും അടിസ്ഥാനത്തിൽ ആജീവനാന്തം എന്റെ പെൻഷനിൽ നിന്ന് പ്രതിമാസം **4000/-** രൂപ കുറവു വരുത്താനുള്ള തീരുമാനം കടുത്ത മനോവിഷമവും സാമ്പത്തികനഷ്ടവും ഉണ്ടാക്കുന്നതാണ്. ഇതുവഴി എനിക്ക് നിഷേധിക്കുന്നത് ഏകദേശം **4** ഇംക്രിമെന്റുകളാണ്.

**x.** താൻ പ്രവർത്തിച്ചിരുന്ന വിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികപരവുമായ വികസനത്തിനായി ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും **2018** ലെ ദേശീയ അധ്യാപക അവാർഡ് ഉൾപ്പടെ ഒട്ടനവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനും ഉന്നമനത്തിനുമായി ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട്. കേന്ദ്ര ഗവ. പ്രൊജക്റ്റ് ആയ അടൽ ടിങ്കറിങ് ലാബ് ആദ്യമായി കേരളത്തിൽ നടപ്പിലാക്കി. **5** ലക്ഷം രൂപയുടെ ബെസ്റ്റു പി റ്റി എ അവർഡ് മൂലങ്കാവ് സ്കൂളിന് നേടിക്കൊടുത്തു. ഹരിത വിദ്യാലയ പുരസ്കാരം സംസ്ഥാനതല

ഒന്നാം സ്ഥാനം നേടി. കോടി ക്കണക്കിന് രൂപയുടെ വികസന ഫണ്ടുകൾ നേടിയെടുക്കുന്നതിനായി യത്നിച്ചു. മൂലങ്കാവ് സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ **436** പേരുടെ വർദ്ധനവ് ഉണ്ടായി. **20** അധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. ഇത്തരത്തിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

**xi.** മേല്പറഞ്ഞ വസ്തുതകൾ പരിഗണിച്ചു ദയവുണ്ടായി മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് ഒരധ്യാപകനെന്ന നിലയിൽ ഏറ്റവും ഉന്നതമായ ദേശീയ അധ്യാപക പുരസ്ക്കാരം ഉൾപ്പടെ നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുള്ള എന്നെ ശിക്ഷാ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

**6.** <u>പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി.</u>

കണ്ണൂർ, മണത്തണ ഗവ.എച്ച്.എസ്.എസ് ൽ നിന്നും പ്രിൻസിപ്പൽ ആയി വിരമിച്ച ശ്രീ. ഹൈദ്രോസ് സി.കെ ക്കെതിരെയുള്ള നടപടിയിൽ ഇത് വരെ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യതല്ലാതെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി ഈ വിഷയങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ നിയമന/ ശിക്ഷണ അധികാരി സർക്കാർ ആയതിനാൽ വിഷയം സർക്കാർ പരിശോധിക്കാനാണ് റിപ്പോർട്ടിൽ ശുപാർശ ചെയ്യിരിക്കുന്നത്.

**7.** ഈ വിഷയം കുറ്റാരോപിതനായ ശ്രീ.ഹൈദ്രോസ് സി കെ യുടെ വാദഗതികൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം, പൊതു വിദ്യാഭ്യാസ (ഹയർ സെക്കന്ററി) ജോയിന്റ് ഡയറക്ടർമാർ നടത്തിയിട്ടുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടുകൾ, അച്ചടക്ക നടപടി സംബന്ധിച്ചുള്ള ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

**8.** കണ്ണൂർ, മണത്തറ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽ ആയിരുന്ന ശ്രീ ഹൈദ്രോസ് സി.കെ-യ്ക്കെതിരെ രണ്ട് വ്യത്യസ്ത കേസുകളിൽ വകുപ്പുതല അച്ചടക്കനടപടി ആരംഭിച്ചിരുന്നു. എന്നാൽ അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന് മുമ്പ് ടിയാൻ **31.03.2023** തീയതിയിൽ സർവീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ **1960** ലെ കെ.സി.എസ് **&** സി.സി.എ ചട്ടം **15** പ്രകാരം ആരംഭിച്ച അച്ചടക്കനടപടി കെ.എസ്.ആർ ഭാഗം **III** ചട്ടം **3(a)(iv)** പ്രകാരം ഒരുമിച്ച് പരിഗണിച്ച് തീർപ്പ് കൽപ്പിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും രൂപ **₹4000/-** (നാലായിരം രൂപ മാത്രം ) സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

**9.** ശ്രീ. ഹൈദ്രോസ് സി കെ ഹിയറിങ് വേളയിൽ താൻ പ്രവർത്തിച്ചിരുന്ന വിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികപരവുമായ വികസനത്തിനായി

ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും **2018** ലെ ദേശീയ അധ്യാപക അവാർഡ് ഉൾപ്പടെ ഒട്ടനവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനും ഉന്നമനത്തിനുമായി ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട്. കേന്ദ്ര ഗവ. പ്രൊജക്റ്റ് ആയ അടൽ ടിങ്കറിങ് ലാബ് ആദ്യമായി കേരളത്തിൽ നടപ്പിലാക്കി. **5** ലക്ഷം രൂപയുടെ ബെസ്റ്റു പി റ്റി എ അവർഡ് മൂലങ്കാവ് സ്കൂളിന് നേടിക്കൊടുത്തു. ഹരിത വിദ്യാലയ പുരസ്കാരം സംസ്ഥാനതല ഒന്നാം സ്ഥാനം നേടി. കോടി ക്കണക്കിന് രൂപയുടെ വികസന ഫണ്ടുകൾ നേടിയെടുക്കുന്നതിനായി യത്നിച്ചു. മൂലങ്കാവ് സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ **436** പേരുടെ വർദ്ധനവ് ഉണ്ടായി. **20** അധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. ഇത്തരത്തിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു.

**10.** മൂലങ്കാവ് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ വിജിലൻസ് അന്വേഷണ റിപ്പോർട്ടും ഔപചാരിക അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ രസീത് ബുക്കുകൾ കാണാതായതുൾപ്പടെയുള്ള ക്രമക്കേടുകൾ നടന്നതിൽ ശ്രീ. ഹൈദ്രോസ് സി കെ യുടെ ഭാഗത്തു നിന്നും ഒരു ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ എന്നുള്ള നിലയിൽ കടുത്ത സൂക്ഷ്മത കുറവ് സംഭവിച്ചു എന്ന് കാണാവുന്നതാണു. എന്നിരുന്നാലും പൊതു വിദ്യാഭ്യാസ സരംക്ഷണത്തിനും ഉന്നമനത്തിനുമായി ശ്രീ. ഹൈദ്രോസ് സി കെ നൽകിയിട്ടുള്ള സംഭാവനകൾ കണക്കിലെടുത്തു ടി യാനെതിരെയുള്ള അച്ചടക്കനടപടി കെ എസ്സ് ആർ ഭാഗം **III** ചട്ടം **3 (a)** പ്രകാരം **500/-** രൂപ വീതം പ്രതിമാസ പെൻഷനിൽ നിന്നും **10** വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താത്ക്കാലിക തീരുമാനം എടുത്തു തീർപ്പാക്കാവുന്നതാണ്.

**11.** രണ്ടാമത്തെ കേസിൽ അച്ചടക്ക നടപടിയുടെ ഭാഗമായി നടത്തിയ ഔപചാരിക അന്വേഷണത്തിൽ പോക്സോ കേസ്സു സംബന്ധിച്ചു വ്യക്തമായ തെളിവ് ലഭ്യമല്ലെന്നും കുറ്റപത്രത്തിലെ ആരോപണങ്ങൾ തെളിയിക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ ലഭിച്ചിട്ടില്ലെന്നുമാണ് റിപ്പോർട്ട് ചെയ്തത്. കുട്ടികൾ ടൈൽ വിരിച്ച വരാന്തകൾ വൃത്തികേടാക്കുന്നതും അപകടകരമായ രീതിയിൽ പ്രാവിനെ പിടിക്കാൻ കെട്ടിടത്തിന് മുകളിൽ വലിഞ്ഞു കയറുന്നതും കർശനമായി വിലക്കിയതാണ് ടീനേജുകാരായ കുട്ടികളെ ഇത്തരമൊരു കഥയുണ്ടാക്കാൻ പ്രേരിപ്പിച്ചത് എന്നാണ് ശ്രീ. ഹൈദ്രോസിന്റെ വാദം. ഔപചാരിക അന്വേഷണത്തിൽ കുട്ടിയുടെ രക്ഷാകർത്താവ് ഉൾപ്പടെ രേഖമൂലം പരാതികൾ ഒരിടത്തും നൽകിയിട്ടില്ല എന്നും തെറ്റിദ്ധാരണമൂലാണ് ഇത്തരത്തിൽ ഒരു ആരോപണം ഉന്നയിക്കാൻ ഇടയായതെന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല പോക്സോ നിയമ പ്രകാരം ക്രൈം കേസ് രജിസ്റ്റർ ചെയ്തതിനെ തുടർന്ന് ശ്രീ.ഹൈദ്രോസ് **13/08/2021** മുതൽ **24/11/ 2022** വരെ സസ്പെൻഷനിലുമായിരുന്നു.

**12.** ഈ വിഷയത്തിലെ ഔപചാരിക അന്വേഷണ റിപ്പോർട്ടും ലഭ്യമായ തെളിവുകളും പ്രകാരം ശ്രീ.സി കെ ഹൈദ്രോസിനെതിരായ ആരോപണങ്ങൾ

നിലനിൽക്കത്തക്കതല്ല എന്ന് കാണുന്നു. പരാതിക്കാരനായ കുട്ടിയുടെ പിതാവ് ബഹു. കേരളാ ഹൈക്കോടതിയിൽ നൽകിയിട്ടുള്ള സത്യവാങ്മൂലത്തിൽ കുറ്റാരോപിതനെതിരെയുള്ള ആരോപണങ്ങൾ ശരിയല്ലെന്നും അത് മകന്റെ ഭാഗത്തു നിന്നുള്ള ഒരു തെറ്റിദ്ധാരണയിൽ നിന്നും ഉണ്ടായതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ പരാതിയുമായി മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**13.** വയനാട് ഹയർസെക്കണ്ടറി ജില്ലാ കോ-ഓർഡിനേറ്റർ **12.08.2021**-ൽ കോഴിക്കോട് ആർ.ഡി.ഡി-ക്ക് നൽകിയ റിപ്പോർട്ടിൽ ടി വിദ്യാർത്ഥിയുടെ ക്ലാസ് ടീച്ചർ, മറ്റ് അദ്ധ്യാപകർ, കൗൺസിലർ എന്നിവരുമായി സംസാരിച്ചതിൽ കുട്ടിയെ പ്രിൻസിപ്പൽ ഹയർസെക്കണ്ടറി ഓഫീസിലേക്ക് സ്ഥിരമായി കൂട്ടിക്കൊണ്ട് പോകുമായിരുന്നുവെന്നും ഐസ്ക്രീം, മിഠായി തുടങ്ങിയ സാധനങ്ങൾ വാങ്ങിക്കൊടുക്കാറുണ്ടെന്നും അറിയാൻ കഴിഞ്ഞതായും കുട്ടി കുറെ ദിവസം അസ്വസ്ഥത കാണിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൗൺസിലിംഗ് നടത്തിയതെന്നും അതിനുശേഷവും ടി പ്രിൻസിപ്പൽ കുട്ടിയുടെ വീട്ടിൽചെന്ന് കാണാൻ ശ്രമിച്ചിട്ടുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ഹയർസെക്കണ്ടറി ജില്ലാ കോ-ഓർഡിനേറ്റർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ രേഖാമൂലമുള്ള ഏതെങ്കിലും പരാതികൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഈ വിഷയത്തിൽ നടത്തിയ ഔപചാരിക അന്വഷണ റിപ്പോർട്ടിൽ പ്രസ്തുത റിപ്പോർട്ടിനെക്കുറിച്ചു പ്രതിപാദ്യങ്ങൾ ഒന്നും നടത്തിയിട്ടില്ല.

**14.** ഔപചാരിക അന്വഷണ റിപ്പോർട്ടിൽ ശ്രീ.ഹൈദ്രോസിനെ സസ്പെൻഡ് ചെയ്യാൻ ഇടയായ പോക്സോ സംബന്ധിച്ച വ്യക്തമായ തെളിവുകൾ ലഭ്യമല്ലെന്ന കാര്യവും അതിനാൽ തന്നെ ടിയാനു നൽകിയിരിക്കുന്ന കുറ്റപത്രത്തിലെ ആരോപണങ്ങൾ തെളിയിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**15.** ശ്രീ. ഹൈദ്രോസ് **Crime No.560/2021( of Vythiri Police Station, Waynad District)** ക്രിമിനൽ കേസ്സിലെ നടപടികൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **Crl.MC No. 6162 of 2022** നമ്പർ കേസ്സിൽ പരാമർശം**(15)** പ്രകാരം പുറപ്പെടുവിച്ച വിധിന്യായം പ്രകാരം തെറ്റിധാരണയും വസ്തുതാപരമായ പിശകും കാരണമാണ് പരാതി കൊടുത്തതെന്ന പ്രായപൂർത്തിയായ ഇരയുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പേരിൽ എടുത്ത ക്രിമിനൽ കേസ്സിലെ **(S.C No.409/2021)** എല്ലാ നടപടികളും ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ടി ക്രിമിനൽ കേസ്സിന്റെ അടിസ്ഥാനത്തിൽ എടുത്ത അച്ചടക്കനടപടി നിലനില്ക്കുന്നതല്ല എന്ന് പ്രകാരം അഡ്വക്കേറ്റ് ജനറൽ സർക്കാരിന് നിയമോപദേശം നല്കിയിരുന്നു.

**16.** മേൽ സാഹചര്യത്തിൽ ശ്രീ ഹൈദ്രോസ് സി.കെ-യ്ക്കെതിരെ വൈത്തിരി

പോലീസ് സ്റ്റേഷനിലെ ക്രൈം നം. 560/2021 (S.C.No.409/2021 on the file of the Additional District and Sessions Court-I, Kalpetta (Special Court under POCSO Act Cases) ബഹു. കേരള ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ ടി ക്രൈം കേസിന്റെ അടിസ്ഥാനത്തിൽ, കെ എസ്സ് ആർ ഭാഗം III ചട്ടം 3 (a) പ്രകാരം തുടർന്ന് വന്നിരുന്ന അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കുവാനും ടിയാൻ മൂലങ്കാവ് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പലായിരുന്ന കാലഘട്ടത്തിൽ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് ടിയാനെതിരെ കെ എസ്സ് ആർ ഭാഗം III ചട്ടം 3 (a) പ്രകാരം 500/- രൂപ (അഞ്ഞൂറു രൂപ മാത്രം) വീതം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 10 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനു താത്ക്കാലികമായി തീരുമാനിക്കുകയും ഈ വിഷയത്തിൽ ബഹു കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടുകയും ബഹു. കമ്മീഷൻ പരാമർശം(16) പ്രകാരം സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു.

17. മേൽ സാഹചര്യത്തിൽ ശ്രീ ഹൈദ്രോസ് സി.കെ-യ്ക്കെതിരെ വൈത്തിരി പോലീസ് സ്റ്റേഷനിലെ ക്രൈം നം. 560/2021 (S.C.No.409/2021 on the file of the Additional District and Sessions Court-I, Kalpetta (Special Court under POCSO Act Cases) ബഹു. കേരള ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ ടി ക്രൈം കേസിന്റെ അടിസ്ഥാനത്തിൽ, കെ എസ്സ് ആർ ഭാഗം III ചട്ടം 3 (a) പ്രകാരം തുടർന്ന് വന്നിരുന്ന അച്ചടക്ക നടപടി ഒഴിവാക്കി പൂർത്തീകരിക്കുന്നതിനും ടിയാൻ മൂലങ്കാവ് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ പ്രധാനാധ്യാപകനായിരുന്ന കാലഘട്ടത്തിൽ വിജിലൻസ് അന്വഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് ടിയാനെതിരെ കെ.എസ്സ്.ആർ. ഭാഗം III ചട്ടം 3 (a) പ്രകാരം തുടർന്ന് വന്നിരുന്ന അച്ചടക്ക നടപടി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ (അഞ്ഞൂറു രൂപ മാത്രം) വീതം 10 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനുമുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അപ്രകാരം ടിയാനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കിയും ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ബിന്ദു ആർ ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ , ഹയർസെക്കന്ററി വിഭാഗം,തിരുവനന്തപുരം
2. ശ്രീ ഹൈദ്രോസ് സി കെ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖകത്ത് സഹിതം)
4. വിജിലൻസ് (സി) വകുപ്പ്(25.04.2025 ലെ U.O(R) നം. VIG-C1/446/2019-VIG പ്രകാരം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

7. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 02-07-2026 15:02:43

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സ്പെഷൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്